# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെന്മേനി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. പി3-960/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 05/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മേനി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-36,1-35 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. പി3-960/2023 തീയ്യതി: 05/12/2023

## വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഖില മോഹൻ.കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 17-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-10-2023 | 17-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സക്കീർ ഹുസൈൻ,ഓഡിറ്റ് ഓഫീസർ.

ശ്രീമതി.ബിന്ദു.കെ.കെ,അസി .ഓഡിറ്റ് ഓഫീസർ,

ശ്രീ.അലി.അക്ബർ.കെ,അസി.ഓഡിറ്റ് ഓഫീസർ,

ശ്രീമതി അപർണ്ണ ശശിധരൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷീല പുഞ്ചവയൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.പ്രമോദ്.സി | സെക്രട്ടറി | 01-04-2022 | 06-04-2022 |
| ശ്രീ.സുരേഷ് ബാബു.പി | സെക്രട്ടറി | 07-04-2022 | 11-07-2022 |
| ശ്രീ.പ്രമോദ്.സി | സെക്രട്ടറി | 12-07-2022 | 31-07-2022 |
| ശ്രീ.സുരേഷ് ബാബു.പി | സെക്രട്ടറി | 01-08-2022 | 15-09-2022 |
| ശ്രീ.പ്രമോദ്.സി | സെക്രട്ടറി | 16-09-2022 | 19-10-2022 |
| ശ്രീ.സുരേഷ് ബാബു.പി | സെക്രട്ടറി | 20-10-2022 | 15-11-2022 |
| ശ്രീ.പ്രമോദ്.സി | സെക്രട്ടറി | 16-11-2022 | 26-01-2023 |
| ശ്രീ.കോമളവല്ലി.സി.ഒ | സെക്രട്ടറി | 27-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രമ്യ അരവിന്ദ് | അസി.എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| ശ്രീ.പ്രജിൽ.പി.ടി | അസി.എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ശ്രീ.പ്രമോദ്.സി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി അനുപമ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിമിത | വെറ്ററിനറി സർജൻ | 01-04-2022 | 15-10-2022 |
| ശ്രീ.കെ.അസ്സൈനാർ | വെറ്റിനറി സർജൻ | 16-10-2022 | 07-01-2023 |
| ശ്രീ.അമൽരാജ്.കെ.വി | വെറ്റിനറി സർജൻ | 08-01-2023 | 31-03-2023 |
| ഡോ.കൃഷ്ണപ്രിയ.എം | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 30-04-2022 |
| ഡോ.പ്രിൻസി.എം | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-05-2022 | 31-03-2023 |
| ഡോ.ആർ മദൻമോഹൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ദീപാറാണി | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.വിശ്വലത | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി ആലീസ് ഷേർളി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലൂമാഭായ് | ഐ.സി.ഡി,എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സജിത് കുമാർ എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 27-09-2022 |
| ശ്രീ.കാർത്തികേയൻ,കെ.പി | ഫിഷറീസ് ഇൻസ്പെക്ടർ | 28-09-2022 | 08-12-2022 |
| ശ്രീ.അബ്ദുള്ള കെ.പി | ഫിഷറീസ് ഇൻസ്പെക്ടർ | 09-12-2022 | 31-03-2023 |
| ശ്രീമതി.രഞ്ജുഷ.പി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

ഇല്ല

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Directly Debited By Bank – തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-3 |
| 5 | നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകയും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വാടക കുടിശ്ശിക ഡിമാന്റ് വാർഷിക കണക്കിൽ നിന്നും ഒഴിവാക്കി. | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-12 |
| 14 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം ( ACR പ്രകാരമുള്ളത്) | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | പദ്ധതി ആസൂത്രണവും നിർവഹണവും | 1-10 |
| 24 | ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 1-11 |
| 25 | രസീതി പിരിവിലെ അപാകതകൾ | 1-12 |
| 26 | മെഡിക്കൽ ഓഫീസർ കൈപ്പറ്റിയ രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-12-1 |
| 27 | ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല. | 1-12-2 |
| 28 | ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ | 1-13 |
| 29 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല. | 1-13-1 |
| 30 | റിസോർട്ടുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13-2 |
| 31 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു. ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 1-14 |
| 32 | പി.എം.എ.വൈ വിഹിതം നൽകി-വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമല്ല. | 1-15 |
| 33 | ഹോംകോയിൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായില്ല. ₹224750/-രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 34 | കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർക്ക് അധിക വേതനം അനുവദിച്ചു. | 1-17 |
| 35 | മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തതിന്റെ സ്റ്റോക്കിന്റെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. | 1-18 |

| | | |
|---|---|---|
| 36 | ആശുപത്രിയിലേക്ക് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല. | 1-19 |
| 37 | സമ്പൂർണ്ണ വിവരശേഖരണ സർവ്വേ-പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 38 | ജലനിധി സുസ്ഥിരവികസനപദ്ധതി-പഞ്ചായത്ത് വിഹിതം നൽകൽ–ചെലവ് രേഖകൾ ലഭ്യമല്ല. | 1-21 |
| 39 | ഇലക്ട്രിക് പോസ്റ്റ് മാറ്റാൻ തുക അടച്ചു.വിനിയോഗവിവരങ്ങൾ ലഭ്യമല്ല. | 1-22 |
| 40 | ഓഫീസ് ലാൻ വയറിംഗിന് തുക ചെലവഴിച്ചു.-പദ്ധതിപൂർത്തീകരിച്ചില്ല. | 1-23 |
| 41 | പൗരാവകാശരേഖ പുതുക്കുന്നതിന് തുക ചെലവഴിച്ചു.-പൗരാവകാശരേഖകൾ അച്ചടിച്ചുവിതരണം നടത്തിയില്ല. | 1-24 |
| 42 | 2020-21 വർഷം കരാർ ചമച്ച ലൈഫ് വീടുകൾ നിലവിലും പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 43 | ലൈഫ് മിഷൻ വീടുകളിൽ താമസമില്ലാതെ കിടക്കുന്നു. | 1-26 |
| 44 | ലൈഫ് ഭവന പദ്ധതി-പട്ടികവർഗ്ഗം - തുക തെറ്റായ അക്കൗണ്ടിലേക്ക് നൽകി | 1-27 |
| 45 | വി.ഇ.ഒ - ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 1-28 |
| 46 | യഥാസമയം കരാർ വെച്ചില്ല - അർഹമായ പിഴ ഈടാക്കിയില്ല | 1-29 |
| 47 | പ്രവൃത്തി വൈകി പൂർത്തിയാക്കി - അർഹമായ പിഴ ബില്ലിൽ നിന്ന് കുറവ് ചെയ്തില്ല. | 1-30 |
| 48 | എസ്.എസ്.എ.വിഹിതം നൽകി-വിനിയോഗവിവരങ്ങൾ ലഭ്യമല്ല. | 1-31 |
| 49 | തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു-സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഇല്ല. | 1-32 |
| 50 | തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത് -കണക്കുകൾ ലഭ്യമല്ല. | 1-33 |
| 51 | സുകൃതം ഭവനനിർമ്മാണപദ്ധതി-ലോൺ തിരിച്ചടവിൽ അപാകതകൾ. | 1-34 |
| 52 | ഹരിതകർമ്മസേന തുടർപ്രവർത്തനങ്ങൾ തൃപ്തികരമല്ല. | 1-35 |
| 53 | തനതുവിഭവസമാഹരണം-ടാക്സ് ഓഡിറ്റ് | 1-36 |
| 54 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം | 1-36-1 |
| 55 | ബജറ്റ് | 1-36-2 |
| 56 | വസ്തു നികുതി | 1-36-3 |
| 57 | അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികളിലെ പുരോഗതിയും വീഴ്ചകളും | 1-36-4 |
| 58 | സേവന ഉപനികുതി ചുമത്തിയിട്ടില്ല. | 1-36-5 |
| 59 | തൊഴിൽ നികുതി | 1-36-6 |
| 60 | വിനോദനികുതി | 1-36-7 |
| 61 | നികുതിയേതരവരവുകൾ | 1-36-8 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം വർഷം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-9 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | Abstract Of Annual Financial Statements |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് നെൻമേനി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (നം.10/125/23 തീ.15/06/2023) 24/06/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെൻമേനി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെൻമേനി ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കൽപ്പറ്റ**

**തീയതി:05.12.2023** **സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒ.എം.എസ്.നം.83/11/എൽ.എസ്.ജി.ഡി/28.03.2011), ചട്ടം 62-2(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 17/22-23/10.10.2023)

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ പത്രികയിൽ 2022-23 സാമ്പത്തിക വർഷം "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 56,24,093.00 രൂപയാണ്. എന്നാൽ, ഇതേ പത്രികയിൽ 2022-23 സാമ്പത്തിക വർഷം "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 2,36,73,896.00രൂപയാണ്. അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ ക്യാഷ്

ഫ്ലോ പത്രിക മേൽ പ്രകാരം പൊരുത്തപ്പെടാത്തതിനാൽ, പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. (ഓഡിറ്റ് എൻക്വയറി നം. 17/22-23/10.10.2023)

### 1-1-3 Directly Debited By Bank - തുകകൾ ക്രമീകരിച്ചിട്ടില്ല.

SBI ചുള്ളിയോട് ബാങ്ക് അക്കൗണ്ടിന്റെ (A/c No.37377097374) ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ Directly Debited By Bank ആയി ചേർത്തിട്ടുള്ള, ₹ 11,107.00 ( 31/03/22 -ന് 6384/-, 31/03/23 -ന് 813/- & 3910/-) ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/10.10.2023) ക്രമീകരിച്ച് അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്.

### 1-1-4 നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.

ഗ്രാമ പഞ്ചായത്ത് ഇഷ്യൂ ചെയ്ത് മൂന്ന് മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| 1 | കേരള ബാങ്ക്, ചുള്ളിയോട് | 3001000882 | 1111/15.12.2022 | 10,170.00 |

ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/10.10.2023) ക്രമീകരിച്ച് അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്

### 1-1-5 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

ഗ്രാമ പഞ്ചായത്ത് ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചു. നാളിതു വരെ തുക ക്രഡിറ്റ് ആയില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| 1 | കേരള ബാങ്ക്, ചുള്ളിയോട് | 3001000882 | 6837023/04.09.2019 | 9,950.00 |
| | | | 1/28.01.20 | 220.00 |

ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/10.10.2023) ക്രമീകരിച്ച് അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്

### 1-1-6 വാർഷിക കണക്കുകളിലെ തുകയും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്കിലെ തുക(₹) | രജിസ്റ്റർ പ്രകാരമുള്ള തുക(₹) |
|---|---|---|---|
| 1 | വസ്തു നികുതി വരവ് | 66,77,484.00 | 67,17,904.00 |
| 2 | വസ്തു നികുതി കുടിശ്ശിക വരവ് | 9,01,447.00 | 9,04,345.00 |
| 3 | വസ്തു നികുതി കുടിശ്ശിക ഡിമാന്റ് | 9,99,916.00 | 9,78,060.00 |
| 4 | വസ്തു നികുതി കുടിശ്ശിക ബാക്കി | 3,67,226.00 | 3,66,900.00 |
| 5 | തൊഴിൽ നികുതി(ജീവനക്കാർ) വരവ് | 14,77,750.00 | 15,24,000.00 |
| 6 | വാടക ആകെ വരവ് | 11,01,096.00 | 70,800.00 |

ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/10.10.2023) പരിഹരിച്ച് അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്

### 1-1-7 വാടക കുടിശ്ശിക ഡിമാന്റ് വാർഷിക കണക്കിൽ നിന്നും ഒഴിവാക്കി.

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം (B-15) വാടക കുടിശ്ശിക ₹ 1,69,469.00 ആണ്. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം (RP-45) വാടക കുടിശ്ശിക വരവ് ₹ 70,800.00 ആണ്.അതു പ്രകാരം വാടക കുടിശ്ശിക ബാക്കി ₹ 98,669.00 (169469-70800) ആണ് വരേണ്ടത്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം (B-15) വാടക കുടിശ്ശിക ബാക്കി വരുന്നത് പൂജ്യം ആണ്.ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/10.10.2023) ക്രമീകരിച്ച് അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്

### 1-1-8 അഡ്വാൻസ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം MGNREGA അഡ്വാൻസ്(₹ 20,47,535.00), Advance To Others(₹ 125.00) എന്നിവ മാത്രമേ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാൻ അവശേഷിക്കുന്നുള്ളൂ. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം (B-18) ₹ 45,11,624.00 ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതുണ്ട്.

വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന മുൻകൂറുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വിവരണം | വാർഷിക കണക്കിലെ തുക(₹) | രജിസ്റ്റർ പ്രകാരമുള്ള തുക(₹) |
|---|---|---|---|
| 1 | Festival Advance | 3,000.00 | 0 |
| 2 | Temporary Advance For Official Purposes | 3,09,320.00 | 0 |
| 3 | Transfer Pay Advance | 6,092.00 | 0 |
| 4 | Other Advances | 68,081.00 | 0 |
| 5 | Advance To Contractors | 1,50,000.00 | 0 |
| 6 | Advance To Implementing Officers | 4,25,155.00 | 0 |
| 7 | Advance To Beneficiary Committee Conveners | 15,02,316.00 | |
| **ആകെ** | | **24,63,964.00** | **0** |

ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/10.10.2023) ക്രമീകരിച്ച് അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്

## 1-1-9 ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | സ്റ്റോക്ക് രജിസ്റ്റർ |
| 2 | ആസ്തി രജിസ്റ്റർ |
| 3 | ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ |
| 4 | തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ |
| 5 | FACTEOS രജിസ്റ്റർ |
| 6 | ലോൺ രജിസ്റ്റർ |

(ഓഡിറ്റ് എൻക്വയറി നം. 17/22-23/10.10.2023)

## 1-1-10 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 17/22-23/10.10.2023)

## 1-1-11 രേഖകൾ ഹാജരാക്കിയിട്ടില്ല.

1) I-19 ഷെഡ്യൂൾ പ്രകാരമുള്ള Prior Period Income -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | തുക(₹) |
|---|---|---|

| | | |
|---|---|---|
| 1 | Property Tax | (-)41,719.00 |
| 3 | Rent From Buildings | (-)98,669.00 |

2. I-18 ഷെഡ്യൂൾ പ്രകാരമുള്ള Prior Period Expenditure(2024338/-) -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. RP-45- ലെ Other Rent Recievables (Current) എന്ന ഹെഡ്ഡിൽ (-)2,294.00 വരവുണ്ട്. പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 17/22-23/10.10.2023)

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26/07/2011-ലെ ജി.ഒ.(എം.എസ് )152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ ( ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/10.10.2023) ആസ്തി രജിസ്റ്റർ കാലികമാക്കി അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്

## 1-1-13 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജലനിധി, MGNREGA തുടങ്ങിയ പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/10.10.2023) പരിഹരിച്ച് അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്

## 1-2 ബജറ്റ്

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബഡ്ജറ്റ് 25.03.2022 ലെ 01/71/22 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 09.03.2023 തീയതിയിലെ 02/45/23നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് ,റിവൈസ്ഡ് ബഡ്ജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ഇപ്രകാരമാണ്.

| | ബഡ്ജറ്റ് പ്രകാരം | റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 14271528 | 6,46,42,362 |
| വരവ് | 495225060 | 477685160 |
| ആകെ | 509496588 | 542327522 |
| ചെലവ് | 505767560 | 538576630 |
| നീക്കിയിരിപ്പ് | 3729028 | 3750892 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 75889011 |
| വരവ് | 109900342 |
| ആകെ | 185789353 |
| ചെലവ് | 104276249 |
| നീക്കിയിരിപ്പ് | 81513104 |

## 1-4 ഫണ്ട് വിനിയോഗം ( ACR പ്രകാരമുള്ളത്)

| ഫണ്ടിനം | ഒ.ബി | വരവ്/അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി/ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 44322300 | 44322300 | 40157806 | 4164494 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5414000 | 5414000 | 4176831 | 1237169 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 23586999 | 23586999 | 20571117 | 3015882 |
| മെയിന്റനൻസ് റോഡ് | 0 | 19639650 | 19639650 | 16623308 | 3016342 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 10274000 | 10274000 | 8505189 | 1768811 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (TIDE) | 8493690 | 16602833 | 25096523 | 4754091 | 20342432 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(BASIC) | 5500920 | 9384424 | 14885344 | 8169293 | 671605 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ , നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 227841011 | 151 | 132987167 | 64 | 35 | 60.4 |

| ക്രമനമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 8 | 13388336 | 10748577 | 80.3 |
| 2 | വെറ്ററിനറി സർജൻ | 9 | 7 | 9701620 | 4369607 | 45 |
| 3 | മെഡിക്കൽ ഓഫീസർ(FHC) | 15 | 12 | 7157289 | 5797648 | 81 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 400000 | 400000 | 100 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 4 | 4 | 2200000 | 2200000 | 100 |
| 6 | ഫിഷറീസ് ഇൻസ്പെക്ടർ | 2 | 2 | 300000 | 180000 | 60 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 11 | 54833991 | 24421968 | 44.5 |
| 8 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13 | 8 | 15472640 | 12908685 | 8403 |
| 9 | ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 4869600 | 4869600 | 100 |
| 10 | സെക്രട്ടറി ,ഗ്രാമപഞ്ചായത്ത് | 50 | 32 | 44267452 | 26867884 | 60.7 |
| 11 | ഹെഡ്മാസ്റ്റർ | 7 | 7 | 5252000 | 5004220 | 95.3 |
| 12 | അസി.എഞ്ചിനീയർ | 114 | 51 | 67528318 | 33273258 | 49.27 |
| 13 | അസി.സെക്രട്ടറി | 6 | 6 | 2469765 | 1945720 | 78.8 |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25707 | 3620665 | 3646372 | 3641528 | 4844 |

| | | | | | | |
|---|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | - | 59823000 | 59823000 | 59823000 | - |
| മെറ്റീരിയൽസ് | | - | 14960000 | 14960000 | 14960000 | - |

കണക്കുകൾ വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10320 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 6548500 | 594 |
| വിധവാപെൻഷൻ | 24998300 | 2331 |
| വാർദ്ധക്യകാലപെൻഷൻ | 40057000 | 3836 |
| വികലാംഗപെൻഷൻ | 6038600 | 553 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 360000 | 9 |
| 50 കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 703400 | 354 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10/10/2023 തീയതിയിൽ 03.30ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 13338/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

- ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിലും രജിസ്റ്ററുകളും രേഖകളും എഴുതിസൂക്ഷിക്കുന്നതിലും പദ്ധതിനടത്തിപ്പ് കൃത്യമായ ഇടവേളകളിൽ മോണിട്ടറിംഗ് നടത്തുന്നതിലും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഭാഗത്ത് ചില വീഴ്ചകൾ വന്നിട്ടുണ്ട്.

- 1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ നിർവഹിക്കുന്നതിലും അപാകതകൾ വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പാലിക്കുന്നതിൽ താഴെപ്പറയുന്ന വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

- പഞ്ചായത്തിന്റെ തനതുവരുമാനം പിരിച്ചെടുക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.എന്നിരുന്നാലും പിരിച്ചെടുത്ത തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

- ഹരിതകർമ്മസേനാപ്രവർത്തനം വിലയിരുത്തുന്നതിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും വീഴ്ചകൾ വന്നിട്ടുണ്ട്

- വരവിനങ്ങളിൽ വസ്തുനികുതി ,പഴയ കെട്ടിടങ്ങളുടെ ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനവിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അതുകൊണ്ട് തന്നെ വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതായി ഉറപ്പുവരുത്താൻ കഴിയുന്നില്ല.

- പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.സെക്രട്ടറി തുക ചെലവഴിച്ച പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

- ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വിറ്റതിന്റെയും ബാക്കിയുള്ളതിന്റെയും വില ഈടാക്കിയതിന്റെയും കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അതിനാൽ ടെണ്ടർ ഫോറങ്ങൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു.

- വാർഷികകണക്കുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധ പുലർത്തിയിട്ടുണ്ടെങ്കിലും അപാകതകൾ നിലനിൽക്കുന്നു.

- പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

– സേവന ഉപനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

- സേവന സിവിൽരജിസ്ട്രേഷൻ,സേവന പെൻഷൻ എന്നീ സോഫ്റ്റ് വെയറുകൾ തമ്മിൽ ലിങ്ക് ചെയ്യാത്തതിനാൽ മരണശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ അയക്കുന്ന സാഹചര്യം നിലനിൽക്കുന്നു.

- 'ടേക്ക് എ ബ്രേക്ക് ' കേന്ദ്രം നിലവിലും നിഷ്ക്രിയാസ്തിയായി അവശേഷിക്കുന്നു.

- പഞ്ചായത്ത് കെട്ടിടത്തിലെ ടോയ് ലെറ്റ് സംവിധാനവും ശുചിത്വസംവിധാനവും തൃപ്തികരമല്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 പദ്ധതി ആസൂത്രണവും നിർവഹണവും

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതും നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.84/22/ത.സ്വ.ഭ.വ 19.04.22 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്

പദ്ധതി ആസൂത്രണത്തിന്റെ അടിസ്ഥാന തലങ്ങളായ ആസൂത്രണസമിതിയും 14വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും 10 മുതൽ 13 വരെ അംഗങ്ങൾ ഉണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കാളിത്തം വളരെ കുറവാണ്.ഭൂരിഭാഗം യോഗങ്ങളിലും നാല് അല്ലെങ്കിൽ അഞ്ച് പേർ മാത്രമാണ് ഹാജരായിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിലുപരിയായി ക്രിയാത്മകമായ യാതൊരു ചർച്ചകളും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല.

കൃത്യമായി യോഗം ചേരുകയും മിനുട്സുകൾ രേഖപ്പെടുത്തിയതായും കാണുന്നില്ല.

ഉദാ

ചെറുകിടവ്യവസായം വർക്കിംഗ് ഗ്രൂപ്പ്- 26.12.22, 25.01.23 തീയതികളിലെ മിനിറ്റ്സ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്ത് തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ആസൂത്രണ സമിതിയുടെ മിനുട്സിലും അത്തരം അവലോകനങ്ങൾ നടത്തിയതായി കാണുന്നില്ല.ആസൂത്രണസമിതി യോഗങ്ങളുടെ മിനുട്സുകൾ പൂർത്തികരിച്ച് ക്ലോസ്സ് ചെയ്തിട്ടില്ല.

ഉദാ

1.15.1.23

2.25.01.23

3.26.12.22

എന്നീ തീയതികളിലെ മിനിറ്റ്സുകൾ ക്ലോസ് ചെയ്തിട്ടില്ല.

ഗ്രാമസഭകൾ ഓഡിറ്റ് വർഷത്തിൽ 4 തവണ ചേർന്നിട്ടുണ്ട്.ഇവയിൽ വോട്ടർമാരുടെ പങ്കാളിത്തം നല്ല രീതിയിൽ ഉണ്ടാവുകയും മിനുട്സ് യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.വാർഡ് തല ഗ്രാമസഭകളെ കൂടാതെ വയോജനങ്ങളുടെ ഗ്രാമസഭ,ബാല സഭ,വനിതാ ഗ്രാമസഭ,ഭിന്നശേഷിക്കാരുടെ ഗ്രാമസഭ,യുവജനങ്ങളുടെ ഗ്രാമസഭ എന്നിവ കൂടിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. ആകെ 23 ഊരുകൂട്ടങ്ങൾ ആണുള്ളത്.പട്ടികവർഗ്ഗമേഖലയിലെ പദ്ധതികളുടെ ആസൂത്രണം ഊരുകൂട്ടം മുഖേനയാണ് നടത്തുന്നത്. ഓഡിറ്റ് വർഷത്തിൽ 3 തവണ യോഗം ചേർന്നിട്ടുണ്ട്. എല്ലാ മിനുട്സുകളും ക്ലോസ് ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുകയോ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്തതായി കാണുന്നില്ല.

2022-27വർഷത്തേക്കുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ അതാത് മേഖലകളിൽ ഉള്ള വർക്കിംഗ് ഗ്രൂപ്പ്/മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതായോ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്തതായി മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല.ഉദാഹരണമായി വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.കെ പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത പ്രോജക്ടിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയതായി കാണുന്നില്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ വരുമാനമാർഗ്ഗങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്തതായി കാണുന്നില്ല.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് കണക്കുകൾ ,രേഖകൾ തയ്യാറാക്കൽ,ഭരണം മെച്ചപ്പെടുത്തൽ എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.എന്നാൽ ഇവ നിർവഹിച്ചതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എപ്രകാരം സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ട എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്തതായി കാണുന്നില്ല.

പദ്ധതി ആസൂത്രണനിർവഹണത്തിലും മോണിട്ടറിംഗിലും സ്റ്റാൻഡിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും നിഷിപ്തമായ കടമകൾ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ്എഞ്ചിനീയറുടെ പേരിൽ ചുള്ളിയോട് എസ്.ബി.ഐ ശാഖയിൽ 87127 ൽ അവസാനിക്കുന്ന ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്. 01.04.22 ന് 293349 രൂപ മുൻബാക്കിയും 31.03.2023 ന് 422218 അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക സ്ഥാപനത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് ഗ്രാമ പഞ്ചായത്ത് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി പണമായി നൽകുന്ന ടെണ്ടർ ഫീ, പണമായി അടവാക്കുന്ന EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്.

ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് പരിശോധന നടത്തേണ്ടതും, നികുതി ഇനത്തിൽ സർക്കാറിലേയ്ക്കും ഗ്രാമപഞ്ചായത്തിലേയ്ക്കും അടവാക്കാൻ അവശേഷിക്കുന്ന തുകകൾ അടവാക്കേണ്ടതുമാണ്.

## 1-12 രസീതി പിരിവിലെ അപാകതകൾ

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്കുകൾ മുഖേനയുള്ള പിരിവിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-12-1 മെഡിക്കൽ ഓഫീസർ കൈപ്പറ്റിയ രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്കുകളിൽ മെഡിക്കൽ ഓഫീസർ (ചുള്ളിയോട്) ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തത് 09/10/2023 ലെ 06/2022-23 ലെ ഓഡിറ്റ് എൻക്വയറി പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും ആയത് ഹാജരാക്കാത്തതിനാൽ **ഓഡിറ്റ് എൻക്വയറി നം. 31/2022-23 തീയതി 13/10/2023** പ്രകാരം ഓഡിറ്റ് റിക്വിസിഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത രസീത് ബുക്ക് ഗ്രാമപഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പേര് രേഖപ്പെടുത്താതെയാണ് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ചുള്ളിയോട് രസീത് ബുക്ക് ഒപ്പ് രേഖപ്പെടുത്തി കൈപ്പറ്റിയത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ | രസീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | കൈപ്പറ്റിയ തീയതി |
|---|---|---|
| 18436 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (ചുള്ളിയോട്) | 21/02/2023 |

മേൽ രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1997 ലെ പഞ്ചായത്ത് രാജ് (ഓഡിറ്റ് സംവിധാനവും പരിശോധനാരീതിയും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം രേഖകൾ ഹാജരാക്കിയില്ലെങ്കിൽ രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### 1-12-2 ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല.

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്കുകളിൽ ചുവടെ ചേർത്ത രസീത് ക്യാൻസൽ ചെയ്തതാണ്. എന്നാൽ ആയതിന്റെ പകർപ്പ് അസ്സലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | രസീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക | വിവരങ്ങൾ |
|---|---|---|---|---|
| 27718 | 17 | ശ്രീജിത്ത് എ.ആർ | തുക രേഖപ്പെടുത്തിയിട്ടില്ല | ഡോഗ് ലൈസൻസ് |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്**(ഓഡിറ്റ് എൻക്വയറി നം. 06/2022-23 തീയതി 09/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രസീത് ഹാജരാക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ പറയുന്നു.

### 1-13-1 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല.

പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ എഫ്. ടി. ഒ. ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21/01/2019 ലെ (സി.എസ്)എ9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-1, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്**(ഓഡിറ്റ് എൻക്വയറി നം. 26/2022-23 തീയതി 13/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കെതിരെ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-2 റിസോർട്ടുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറും ലൈസൻസ് ഫീസ് രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന റിസോർട്ടുകൾ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ,കെട്ടിട നമ്പർ |
|---|---|---|
| 1 | ശ്രീ രഘു | 1/203A, B, C |
| 2 | ശ്രീ ജോയി കെ.സി | 3/643/A |
| 3 | ശ്രീമതി ജയനി ബെഞ്ചമിൻ | 4/ 177/A |
| 4 | ശ്രീമതി ലക്ഷ്മി സുരേന്ദ്രൻ | 15/175 |
| 5 | ഇബ്രാഹിം, ഷാഹുൽ ഹമീദ്, ഇസ്മായിൽ | 23, 65A മുതൽ F വരെ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം. 26/2022-23 തീയതി 13/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു. ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

സ.ഉ(അ)നം. 19/2011/ത.സ്വ.ഭ.വ തീയതി 14/01/2011 വിജ്ഞാപനം പ്രകാരം സർക്കാർ, ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്ററിന് ബാധകമായ വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിൽ 100 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക്

നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി ₹40/- യും 100 ച.മീയിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി ₹50/-യുമാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെ പറയുന്ന 100 ച.മീയിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയിലുൾപ്പെടുന്ന ശ്രീ ജോൺ ഇകരക്കുന്നത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 100 ച.മീയിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനുള്ള വസ്തുനികുതിയാണ് ചുമത്തിയിട്ടുള്ളത്.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | തറവിസ്തീർണ്ണം (വർദ്ധനവ്) | 2022-23 സാമ്പത്തിക വർഷം ₹40/- നിരക്കിൽ നിശ്ചയിച്ചനികുതി(അടിസ്ഥാന വസ്തുനികുതി +വർദ്ധനവ്)(₹) | ₹50/- നിരക്കിൽ നിശ്ചയിച്ചാലുള്ള നികുതി(₹) | നികുതിയിലെ നഷ്ടം(₹) |
|---|---|---|---|---|---|
| 1 | 19/517/M | ഒന്നാം നില-134.66 ച. മീ (20% വർദ്ധനവ് - വഴിസൗകര്യം) | 6464/-(5386.4+1077.28) | 8080/-(6733+1346.6) | 1616/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം-32/22-23 തീയതി 13/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തുനികുതിയിൽ കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-15 പി.എം.എ.വൈ വിഹിതം നൽകി-വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമല്ല.

തൻവർഷം പി.എം.എ.വൈ വിഹിതം നൽകുന്നതിന് സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ മുഖേന താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചു. പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ട് എന്നോ എത്ര പേർക്കുള്ള വിഹിതമാണ് നൽകിയതെന്നോ വ്യക്തതയില്ല.

| ക്രമനമ്പർ | പ്രോജക്ട് | പ്രോജക്ട് നമ്പർ | അനുവദിച്ച തുക | BRN No |
|---|---|---|---|---|
| 1 | പി.എം.എ.വൈ വിഹിതം പട്ടികവർഗ്ഗം | 92/23 | 3500000 | 22180352019200 500889/02.09.23 |
| 2 | പി.എം.എ.വൈ വിഹിതം പട്ടികജാതി | 91/23 | 385000 | 2218035201 9200 500884/02..2 23 |
| 3 | പി.എം.എ.വൈ വിഹിതം-ജനറൽ | 89/23 | 1000000 | 22180352019200 500881/02.09.23 |

ഓഡിറ്റ് എൻക്വയറി നമ്പർ 09/22-23/09.10.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-16 ഹോംകോയിൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായില്ല. ₹224750/-രൂപ തടസ്സപ്പെടുത്തുന്നു.

2022-23 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്റ്റ് നമ്പർ** | എസ് 0036/23 |
| **പ്രോജക്റ്റിന്റെ പേര്** | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| **ഫണ്ട്** | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| **അടങ്കൽ** | 400000/- |
| **ചെലവ്** | 400000/- |
| **BRN നമ്പർ** | BRN- 2218035202000795053 തീയതി 19/11/2022 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിനായി ₹400000/- കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ)യ്ക്ക് കൈമാറിയെങ്കിലും ₹175250/- (ഇൻവോയ്സ് നം. 761, തീയതി 31/07/2023- ₹75636/-; ഇൻവോയ്സ് നം. 765, തീയതി 31/07/2023 - ₹99614/-) യുടെ മരുന്നു മാത്രമേ ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന ₹224750/- യുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം.04/2022-23 തീയതി 06/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ കിട്ടാനുള്ള മരുന്നുകളുടെ തുകയായ ₹224750/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർക്ക് അധിക വേതനം അനുവദിച്ചു.

2022-23 സാമ്പത്തിക വർഷം മെഡി ഓഫീസർ അലോപ്പതി നിർവ്വഹണം നടത്തിയ *ആശുപത്രികളിൽ ഡോക്ടർ ലാബ് ടെക്നീഷ്യൻ സ്വീപ്പർ വേതനം* എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്റ്റ് നമ്പർ** | S0191/23 |
| **പ്രോജക്റ്റിന്റെ പേര്** | ആശുപത്രികളിൽ ഡോക്ടർ ലാബ് ടെക്നീഷ്യൻ സ്വീപ്പർ വേതനം |
| **അടങ്കൽ** | ₹1200000/- |
| **ചെലവ്** | ₹1156286/- |
| **വൗച്ചർ നമ്പർ ,<br>തുക** | 22200631, തീയതി 13/10/2022 (₹110500/-)<br>22200632, തീയതി 13/10/2022 (₹34850/-)<br>22200757, തീയതി 11/11/2022 (₹420420/-)<br>22200851, തീയതി 15/12/2022 (₹81600/-)<br>22200956, തീയതി 09/01/2023 (₹42466/-)<br>22200957, തീയതി 09/01/2023 (₹44200/-)<br>22201001, തീയതി 30/01/2023 (₹103650/-)<br>22201192, തീയതി 10/03/2023 (₹104500/-)<br>22201193, തീയതി 13/03/2023 (₹104500/-)<br>22201305, തീയതി 27/03/2023 (₹109600/-) |

| | |
|---|---|
| **ഫണ്ട്** | തനത് ഫണ്ട് |
| **നിർവ്വഹണോദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി/സി.എച്ച്.സി) |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വൗച്ചർ നമ്പർ 22200632, തീയതി 13/10/2022(34850/-) പ്രകാരം പിൻവലിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.04.2022ലെ ഡി.ബി2/259/2021/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസം ₹63700/- നൽകാവുന്നതാണ്. ചീരാൽ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ 20/12/2022 ലെ 441/2022 മെ.ഓ എഫ്.എച്ച്.സി ചീരാൽ നമ്പർ ഉത്തരവ് പ്രകാരം ഡോ. ഷംല പി.എച്ച് എന്നവർക്ക് നവംബർ മാസത്തിൽ 17 ദിവസത്തെ വേതനമായി ₹42466/-(ബിൽ നമ്പർ /2022-23, തീയതി 20/12/2022) അനുവദിച്ചിട്ടുണ്ട്. പ്രതിമാസം ₹63700/- നിരക്കിൽ 17 ദിവസത്തെ വേതനം ₹36097/- മാത്രമാണ്. കൂടാതെ ഉത്തരവിൽ ഡോ. ഷംല പി.എച്ചിനാണ് തുക അനുവദിച്ചതെങ്കിലും ബില്ലിനൊപ്പമുള്ള ബെനിഫിഷ്യറി ലിസ്റ്റിൽ ശ്രീമതി ഷെർവിൻ ടിറ്റി ഡാനിയേൽ എന്നവർക്കാണ് തുക അനുവദിച്ചത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്**(ഓഡിറ്റ് എൻക്വയറി നം. 23/2022-23 തീയതി 12/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രസ്തുത കാലയളവിൽ ജോലി ചെയ്തതാരാണെന്ന് വ്യക്തമാക്കുന്ന നിയമനോത്തരവിന്റെ പകർപ്പും തുക കൈപ്പറ്റിയതിന്റെ വിവരങ്ങളും ഹാജരാക്കേണ്ടതുമാണ്. വൗച്ചർ നമ്പർ 22200632, തീയതി 13/10/2022 പ്രകാരം പിൻവലിച്ച ₹34850/- യുടെ വിശദ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. അധികം വേതനമായി നൽകിയ ₹6369/- തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തതിന്റെ സ്റ്റോക്കിന്റെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം മെഡി ഓഫീസർ അലോപ്പതി നിർവ്വഹണം നടത്തിയ വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്റ്റ് നമ്പർ** | S0168/23 |
| **പ്രോജക്റ്റിന്റെ പേര്** | വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം |
| **അടങ്കൽ** | 800000/- |
| **ചെലവ്** | 690000/- |
| **BRN നമ്പർ** | BRN No. 22180352020301516267, തീയതി 28/03/2023 |
| **ഫണ്ട്** | വികസന ഫണ്ട് |
| **നിർവ്വഹണോദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി/സി.എച്ച്.സി) |

പ്രസ്തുത പദ്ധതി പ്രകാരം ആകെ 2300 മെൻസ്ട്രുവൽ കപ്പ് വാങ്ങിയിട്ടുണ്ട്. ആയതിൽ ആകെ വിതരണം ചെയ്ത മെൻസ്ട്രുവൽ കപ്പ് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം. 23/2022-23 തീയതി 12/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. മെൻസ്ട്രുവൽ കപ്പിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 1-19 ആശുപത്രിയിലേക്ക് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല.

2022-23 സാമ്പത്തിക വർഷം മെഡി ഓഫീസർ അലോപ്പതി നിർവ്വഹണം നടത്തിയ *ആശുപത്രിക്ക് ഉപകരണം വാങ്ങൽ* എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്റ്റ് നമ്പർ** | S0268/23 |
| **പ്രോജക്റ്റിന്റെ പേര്** | ആശുപത്രിക്ക് ഉപകരണം വാങ്ങൽ |

| | |
|---|---|
| **അടങ്കൽ** | ₹300000/- |
| **ചെലവ്** | ₹87009/- |
| **BRN നമ്പർ , തുക** | 22180352020301512443/ 28.03.2023, ₹84359/-<br>22180352020301528241/ 28.03.2023, ₹2650/- |
| **ഫണ്ട്** | വികസന ഫണ്ട് |
| **നിർവ്വഹണോദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി/സി.എച്ച്.സി) |

പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയ താഴെ പറയുന്ന ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **ഉപകരണങ്ങൾ** | **തുക(₹)** |
|---|---|---|
| 1 | വാൾ ഫാൻ | 2650/- |
| 2 | Aluminium Profies (M)<br>CA – KIT SEC (6mm) 36*23*0.69<br>Easy Grip No. 1<br>PWF KC 1<br>PWF Joint Centre<br>PWF 1*1.5<br>SS Hinges 3”3/4*3/4<br>001 Handle 4 | 7182/- |
| 3 | 6 MM Nova Pan 8*4 | 2300/- |
| 4 | Vision Acuity LED Monitor | 28560/- |
| 5 | Revolving Chair And Transportation Charge | 29033/- |
| 6 | BOSQ Table | 8400/- |
| 7 | Foetal Doppler | 3584/- |
| | **Total** | **81709/-** |

ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി നം. 25/2022-23 തീയതി 13/10/2023)** മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത വിവരം രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

* ₹5300 ന്റെ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്.

## 1-20 സമ്പൂർണ്ണ വിവരശേഖരണ സർവ്വേ-പൂർത്തീകരിച്ചിട്ടില്ല.

നെന്മേനി ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണവിവരശേഖരണം നടത്തുന്നതിന് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തിരുന്നു

പ്രോജക്ട് നമ്പർ-49/23

പ്രോജക്ട്- സമ്പൂർണ്ണവിവരശേഖരണസർവ്വേ

ഫണ്ട്-വികസനഫണ്ട്

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-3,50,000

ചെലവ്-48500

BRN നമ്പർ-2218035201920153400 6/29.03.23- 48500

സമ്പൂർണ്ണവിവരശേഖരണം നടത്തുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ ഡവലപ് ചെയ്യുന്നതിനും ഡാറ്റ സ്റ്റോർ ചെയ്യുന്നതിനും വെബ്സൈറ്റ് ക്രിയേറ്റ് ചെയ്യുന്നതിനുമായി ടെണ്ടർ വിളിക്കുകയും ആന്റോ ജോർജ്ജ്,ബഡ്ഡി സോഫ്റ്റ് സൊല്യൂഷൻ എന്നവരുടെ 48500 രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.48500 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ മറ്റുവിവരങ്ങൾ ലഭ്യമല്ല.പദ്ധതി പൂർത്തീകരണം സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 14/22-23/10.10.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന നിഗമനത്തിൽ 48500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ജലനിധി സുസ്ഥിരവികസനപദ്ധതി-പഞ്ചായത്ത് വിഹിതം നൽകൽ-ചെലവ് രേഖകൾ ലഭ്യമല്ല.

തൻവർഷം ജലനിധി സുസ്ഥിരപദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതിയിൽ 15 ലക്ഷം രൂപ ജലനിധി സുസ്ഥിരപദ്ധതിയുടെ അക്കൗണ്ടിലേക്ക് (കാനറാബാങ്ക്,ബത്തേരി അക്കൗണ്ട് നമ്പർ-0831101038914) നൽകി.

പ്രോജക്ട് നമ്പർ-265/23

പ്രോജക്ട്-ജലനിധി സുസ്ഥിരപദ്ധതി-പഞ്ചായത്ത് വിഹിതം നൽകൽ

ഫണ്ട്-വികസനഫണ്ട്-10 ലക്ഷം ,തനതുഫണ്ട്-5 ലക്ഷം

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-15,00,000

ചെലവ്-15,00,000

BRN No-2218035201920120 5018/17.02.23-₹10,00,000

വൗച്ചർ നമ്പർ-251120104/28.03.23-₹5,00,000

തുക അനുവദിച്ചത് എന്താവശ്യത്തിനാണെന്നും തുകയുടെ വിനിയോഗരേഖകളും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 12/22-23/09.10.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.രേഖകളുടെ അഭാവത്തിൽ 15 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ഇലക്ട്രിക് പോസ്റ്റ് മാറ്റാൻ തുക അടച്ചു.വിനിയോഗവിവരങ്ങൾ ലഭ്യമല്ല.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് കെ.എസ്.ഇ.ബിയിൽ തുക അടച്ചു.പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങളും തുകയുടെ വിനിയോഗസാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ-152/23

പ്രോജക്ട്-പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ

ഫണ്ട്-തനതുഫണ്ട്

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-₹2,00,000

ചെലവ്-₹20799

വൗച്ചർ നമ്പർ-251200001/08.03.23

താഴെപ്പറയുന്ന പദ്ധതികൾക്കായാണ് തുക അടച്ചത്

| | |
|---|---|
| ഓടമൂല ഈസ്റ്റ് ചീരാൽ ഡ്രൈയിനേജ് | 9371 |
| പാലക്കാടൻ കോളനി ഡ്രൈയിനേജ് | 11428 |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങളോ തുകയുടെ വിനിയോഗസാക്ഷ്യപത്രങ്ങളോ ഓഡിറ്റിന് ലഭ്യമായ ഫയലിൽ ഇല്ല.

തുകയുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 11/22-23/09.10.23 പ്രകാരം

ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമായിട്ടില്ല.പദ്ധതിപൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

### 1-23 ഓഫീസ് ലാൻ വയറിംഗിന് തുക ചെലവഴിച്ചു.-പദ്ധതിപൂർത്തീകരിച്ചില്ല.

നെന്മേനി ഗ്രാമപഞ്ചായത്തിലെ ഓഫീസ് ലാൻ വയറിംഗിന് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തിരുന്നു.

പ്രോജക്ട് നമ്പർ-306/23

പ്രോജക്ട്- ഓഫീസ് ലാൻ വയറിംഗ്

ഫണ്ട്- വികസനഫണ്ട്

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-₹6,00,000

ചെലവ്-₹552100

BRN നമ്പർ-2218035201920121 3725/20.02.23- ₹552100

ഓഫീസ് ലാൻവയറിംഗ് നടത്തുന്നതിനുവേണ്ടി ,പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 552100 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഇലക്ട്രോണിക് ഡിവിഷൻ ,തൃശ്ശൂർ ന് അടച്ചിട്ടുണ്ട്.എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 15/22-23/10.10.23 പ്രകാരം ആവശ്യപ്പെട്ടിരുന്നു.552100 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 പൗരാവകാശരേഖ പുതുക്കുന്നതിന് തുക ചെലവഴിച്ചു.-പൗരാവകാശരേഖകൾ അച്ചടിച്ചുവിതരണം നടത്തിയില്ല.

തൻവർഷം പൗരാവകാശരേഖ അച്ചടിക്കുന്നതിനായി 98500 രൂപ ചെലവഴിച്ചു.എന്നാൽ പൗരാവകാശരേഖകൾ അച്ചടിച്ച് സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തിയിട്ടില്ല.

പ്രോജക്ട് നമ്പർ-82/23

പ്രോജക്ട്- പൗരാവകാശരേഖ പുതുക്കൽ

ഫണ്ട്-തനതുഫണ്ട്

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-₹1,00,000

ചെലവ്-₹98500

വൗച്ചർ നമ്പർ-251120005/29.03.23- ₹98500

തുക മഹാത്മാജി മെമ്മോറിയൽ പ്രിന്റിംഗ് വർക്കേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകി.

പൗരാവകാശരേഖകൾ അച്ചടിച്ചുവിതരണം നടത്തിയ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 13/22-23 /09.10.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ 98500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-25 2020-21 വർഷം കരാർ ചമച്ച ലൈഫ് വീടുകൾ നിലവിലും പൂർത്തീകരിച്ചിട്ടില്ല

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ്(₹) |
|---|---|---|---|
| 218/23 | ലൈഫ് ഭവന പദ്ധതി - പട്ടികജാതി | 1,00,00,000.00 | 29,14,000.00 |
| 220/23 | ലൈഫ് ഭവന പദ്ധതി - പട്ടികവർഗ്ഗം | 2,24,00,000.00 | 1,08,43,918.00 |
| 208/23 | ലൈഫ് ഭവന പദ്ധതി - ജനറൽ | 1,04,00,000.00 | 50,80,000.00 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതികളിലെ താഴെ പറയുന്ന വീടുകൾ, 2020-2021 വർഷം കരാർ ചമച്ചെങ്കിലും നിലവിലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര് | ഇതുവരെ നൽകിയ തുക(₹) | വീടിന്റെ നിലവിലെ അവസ്ഥ |
|---|---|---|---|
| ജനറൽ വിഭാഗം(ഒരു ഭവനത്തിന് നൽകാവുന്ന ആകെ തുക ₹ 4,00,000.00) | | | |
| 1 | നജ്മുന്നിസ, കണ്ണങ്ങാടൻ വീട്, അമ്മായിപ്പാലം | 3,60,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 2 | മുജീബ്.കെ, തോടിയിൽ വീട് | 3,40,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 3 | സൗമിനി, ചള്ളയം ചാലിൽ, ചീരാൽ.പി.ഒ | 40,000.00 | പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| 4 | ഷീല മത്തായി, പാങ്ങാട് വീട്, തെവരിമല | 3,00,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 5 | മൈമൂന, ചെറുപുറം വീട്, ചുള്ളിയോട് | 3,60,000.00 | മേൽക്കൂര പൂർത്തിയായി |
| 6 | പ്രിയ മാധവൻ, ചേരമ്പാടി വീട്, ചുള്ളിയോട് | 3,60,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 7 | ബീക്കുട്ടി, പുത്തൻപുര വീട്, തെവരിമല | 3,00,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| പട്ടികജാതി വിഭാഗം(ഒരു ഭവനത്തിന് നൽകാവുന്ന ആകെ തുക ₹ 4,00,000.00) | | | |
| 1 | വിജയൻ, പാലമൂട്ടിൽ വീട്, അമ്പലവയൽ | 40,000.00 | പ്രവൃത്തി തുടങ്ങിയിട്ടില്ല |
| 2 | ദാസൻ, പ്ലാത്തോട്ടത്തിൽ വീട്, മലവയൽ | 3,60,000.00 | മേൽക്കൂര പൂർത്തിയായി |
| 3 | പുഷ്പ, ചുള്ളിയോട് | 3,00,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 4 | സുനിത, പാൽക്കുഴിയിൽ വീട്, അമ്പലവയൽ | 3,60,000.00 | മേൽക്കൂര പൂർത്തിയായി |
| 5 | പുഷ്പനാഥൻ, പാറേൽ വീട്, തൊവരിമല | 2,00,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 6 | മിനി.കെ.ആർ, ഉറുമിൽ വീട്, തൊവരിമല | 3,60,000.00 | മേൽക്കൂര പൂർത്തിയായി |
| 7 | സന്തോഷ്.എം.കെ, മാങ്കൊമ്പിൽ വീട്, അമ്പലവയൽ | 3,60,000.00 | മേൽക്കൂര പൂർത്തിയായി |
| 8 | സോന, ചെറുമ്പറത്ത് വീട്, തൊവരിമല | 3,00,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 9 | ഭാർഗ്ഗവി, പള്ളിയിൽ വീട്, പാടിപറമ്പ് | 2,00,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 10 | നാരായണൻകുട്ടി, കാവിൽ പറമ്പിൽ, അമ്പലവയൽ | 2,00,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 11 | കുഞ്ഞാളി, മാനിപ്പറമ്പിൽ | 3,60,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 12 | മോഹനൻ, അറക്കൽ വീട്, അമ്പലവയൽ | 3,60,000.00 | മേൽക്കൂര പൂർത്തിയായി |
| 13 | തങ്കമ്മ, വലിയകളത്തിൽ വീട് | 40,000.00 | പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| 14 | സരസ്വതി.കെ, കൊട്ടാശ്ശേരി | 40,000.00 | പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| 15 | സുനിൽ ലാൽ, ചേമ്പിൽ വീട് | 3,60,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| പട്ടികവർഗ്ഗ വിഭാഗം(ഒരു ഭവനത്തിന് നൽകാവുന്ന ആകെ തുക ₹ 6,00,000.00) | | | |
| 1 | കുട്ടൻ, കോട്ടയിൽ, ചുള്ളിയോട് | 3,70,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 2 | ഗീത,കൊഴുവന, ചീരാൽ | 4,20,000.00 | മേൽക്കൂര പൂർത്തിയായി |
| 3 | പാർവ്വതി, എടക്കൽ, അമ്പലവയൽ | 5,20,000.00 | മേൽക്കൂര പൂർത്തിയായി |
| 4 | ശാരദ, അമ്പിളിക്കുന്ന്, ചുള്ളിയോട് | 5,70,000.00 | മേൽക്കൂര പൂർത്തിയായി |
| 5 | സങ്കിലി, തെക്കൻ കൊല്ലി, അമ്പലവയൽ | 2,10,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 6 | രാഘവൻ, കൊളിമൂല | 4,70,000.00 | മേൽക്കൂര പൂർത്തിയായി |
| 7 | മിനി, കൊളിമൂല | 4,70,000.00 | മേൽക്കൂര പൂർത്തിയായി |
| 8 | സതീഷ്, പുഞ്ചവയൽ | 4,70,000.00 | ലിൻഡൽ പൊക്കം പൂർത്തിയായി |
| 9 | സിന്ധു പാട്ടം ചിറ | 4,70,000.00 | മേൽക്കൂര പൂർത്തിയായി |
| 10 | സുമി നൂലക്കുന്ന് | 4,18,000.00 | മേൽക്കൂര പൂർത്തിയായി |
| 11 | ശാന്ത കുറുക്കൻ കുന്ന് | 4,36,278.00 | ലിൻഡൽ പൊക്കം പൂർത്തിയായി |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29/22-23/13.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.വീടുകൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-26 ലൈഫ് മിഷൻ വീടുകളിൽ താമസമില്ലാതെ കിടക്കുന്നു.

ശ്രീ.സുജിത്ത്.പി.ഡി, ബഹു ജില്ലാ കളക്ടർക്ക് നൽകിയ പരാതി പ്രകാരം, വയനാട് ജില്ല ലൈഫ് മിഷൻ പ്രോജക്ട് ഡയറക്ടർ 07/10/2022- ന് നെൻമേനി ഗ്രാമ പഞ്ചായത്തിലെ 2-ാം വാർഡിൽ പരിശോധന നടത്തിയിരുന്നു. അതു പ്രകാരം, വയനാട് ജില്ല ലൈഫ് മിഷൻ പ്രോജക്ട് ഡയറക്ടർ, നെൻമേനി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്ത് പ്രകാരം(നം.പിഡി3-1907/22 തീ 12.10.2022) ശ്രീ.മുസ്തഫ, ശ്രീമതി.ഉമൈമത്ത്, ശ്രീമതി.രജനി, ശ്രീ.ജോസ് ഓഴാങ്കൽ, ശ്രീ. ബിജു എന്നിവർ ലൈഫ് മിഷൻ ഭവനത്തിൽ താമസം തുടങ്ങിയിട്ടില്ലെന്നും ശ്രീമതി.ആമിന ചുളുക്കി എന്നയാളുടെ ലൈഫ് മിഷൻ ഭവനത്തിൽ മറ്റൊരാൾ വാടകയ്ക്ക് താമസിക്കുന്നതായും ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത വീടുകളിൽ യഥാർത്ഥ ഗുണഭോക്താവ് ഒരു മാസത്തിനകം സ്ഥിര താമസം ആരംഭിക്കുന്നില്ലെങ്കിൽ അവരിൽ നിന്നും സ്ഥലത്തിനും വീടിനുമായി നൽകിയ തുക 12% പലിശ സഹിതം തിരിച്ചു പിടിക്കാനുള്ള നടപടി സ്വീകരിക്കുകയോ സ്ഥലവും വീടും അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് നൽകുയോ ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ കത്ത് പ്രകാരം, സെക്രട്ടറി മേൽ ഗുണഭോക്താക്കൾക്ക് 25/08/2022- ന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ബിജു.കെ.സി മാത്രമാണ് നോട്ടീസിനു മറുപടി നൽകിയിരിക്കുന്നത്. അതിനു ശേഷം, 25/01/2023 ലെ സെക്രട്ടറിക്കുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ലൈഫ് മിഷൻ -ഭൂരഹിത ഭവനരഹിത (ഫേസ് 3) പദ്ധതിയിൽ സ്ഥലവും വീടും അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നിലവിലും താമസം തുടങ്ങിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | ലൈഫ് ID | പേര് | റിമാർക്സ് |
|---|---|---|---|
| 1 | 312499 | ആമിന ചുളുക്കി | വീട് വാടകയ്ക്ക് നൽകിയിരിക്കുകയാണ് |
| 2 | 312463 | ബിജു വർഗ്ഗീസ് | താമസം തുടങ്ങിയിട്ടില്ല |
| 3 | 312406 | റാഷിബ മേലേത്തൊടിയിൽ | താമസം തുടങ്ങിയിട്ടില്ല |
| 4 | 312499 | നജ്മുന്നിസ കുന്നങ്ങാടൻ | വീട് പണി പൂർത്തിയാക്കിയിട്ടില്ല |
| 5 | 312463 | മുജീബ് കോടിയിൽ | വീട് പണി പൂർത്തിയാക്കിയിട്ടില്ല |

30/03/23- ലെ ഭരണ സമിതി യോഗം [(തീരുമാനം നം.5/18/2023(2)] മേൽ പട്ടികയിലുള്ള അഞ്ച് ഗുണഭോക്താക്കളുടെയും സ്ഥലത്തിനും ഭവനത്തിനും വേണ്ടി നൽകിയ തുക പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനോ, ടിയാളുകളുമായുള്ള കരാർ റദ്ദ് ചെയ്ത് അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് മുൻഗണന പ്രകാരം അനുവദിക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികൾക്ക് വി.ഇ.ഓ -യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരു മാസത്തിനകം നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ, സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഫയലിൽ ഇല്ല. എന്നാൽ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ടിലോ, ഭരണ സമിതി തീരുമാനത്തിലോ, ശ്രീ.മുസ്തഫ, ശ്രീമതി.ഉമൈമത്ത്, ശ്രീമതി.രജനി, ശ്രീ.ജോസ് ഓഴാങ്കൽ എന്നിവരുടെ വീടിന്റെ കാര്യം പരാമർശിച്ചിട്ടില്ല.

30/03/23- ലെ ഭരണ സമിതി തീരുമാന പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. ശ്രീ.മുസ്തഫ, ശ്രീമതി.ഉമൈമത്ത്, ശ്രീമതി.രജനി, ശ്രീ.ജോസ് ഓഴാങ്കൽ എന്നിവരുടെ വീടിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/22-23/13.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭവന നിർമ്മാണത്തിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ആവശ്യകതക്ക് മുൻഗണന നൽകിയാവേണ്ടതാണ്. ലൈഫ് മിഷനിൽ നൽകിയ വീടുകളിൽ താമസമില്ലാതിരിക്കുന്നതും വാടകക്ക് നൽകുന്നതും ഓഡിറ്റ് ഗൗരവമായി കാണുന്നു. മേൽ ക്രമക്കേട് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിച്ച്, വീട് ആവശ്യമില്ലാത്ത ഗുണഭോക്താക്കളുടെ തുക തിരികെ ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി-പട്ടികവർഗ്ഗം - തുക തെറ്റായ അക്കൗണ്ടിലേക്ക് നൽകി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവനം- പട്ടികവർഗ്ഗം പദ്ധതിയിൽ (പ്രോജക്ട് നം.220/23), ശ്രീമതി. ഗീത. ബി.പി എന്നവരുടെ അക്കൗണ്ട് നമ്പർ തെറ്റായാണ് നൽകിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | തീയതി | നൽകിയ തുക | ശ്രീമതി. ഗീത. ബി.പി യുടെ ഫയലിലുള്ള അക്കൗണ്ട് നമ്പർ | UTR സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയ അക്കൗണ്ട് നമ്പർ | ബിൽ നം./ചെക്ക് നം./തീയതി |
|---|---|---|---|---|---|
| 1 | 23/03/21 | 90,000.00 | KGB 40170101063112 | - | - |
| 2 | 07/11/22 | 1,20,000.00 | KGB 40170101063112 | KGB 40170101063312 | BRN No.221803520/07.11.22 |
| 3 | 12/05/23 | 2,10,000.00 | KGB 40170101063112 | KGB 40170101063312 | BRN No.23180352019400090010/12.05.23 |
| 4 | 21/09/23 | 2,10,000.00 | KGB 40170101063112 | KGB 40170101063112 | Ch.No.290050/21.09.23 |
| **ആകെ** | | **6,30,000.00** | | | |

മേൽ പട്ടിക പ്രകാരം മേൽക്കൂര പൂർത്തിയായി എന്ന സ്റ്റേജിലുള്ള വീടിന് നിലവിൽ തന്നെ ₹ 6,30,000.00 നൽകി കഴിഞ്ഞു. രജിസ്റ്റർ പ്രകാരം 12/05/23- ന് നൽകിയ ₹ 2,10,000.00 ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരുന്നതിനാലാണ് 21/09/23- ന് വീണ്ടും ₹ 2,10,000.00 നൽകിയിരിക്കുന്നത്. എന്നാൽ, ഗുണഭോക്താവിന്റെ പരാതി, ബാങ്ക് പാസ്സ്ബുക്ക് എന്നിവ ലഭ്യമാക്കിയിട്ടില്ല. 12/05/23 - ന്റെ 2,10,000/- രൂപ യുടെ ട്രാൻസ്ഫർ നടന്നിട്ടുണ്ട്. UTR നമ്പർ ജനറേറ്റ് ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ച് ഉറപ്പു വരുത്തി വേണം തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28/22-23/13.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ തുക തിരികെ അടവാക്കി അറിയിക്കുന്നത് വരെ 2,10,000/- തടസ്സത്തിൽ വെക്കുന്നു.

## 1-28 വി.ഇ.ഒ - ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

നെൻമേനി ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | ബാങ്ക് | 01.04.2022 -ലെ മുന്നിരിപ്പ് | പലിശ ക്രഡിറ്റ് ആയത് | 31.03.2023 -ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 68379644 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചുള്ളിയോട് ശാഖ | ₹ 2,94,207.16 | ₹ 5,981.00 | 3,00,188.16 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/22-23/13.10.23) മറുപടി

ലഭ്യമാക്കിയിട്ടില്ല.മേൽ ബാങ്ക് അക്കൗണ്ട് വഴി ഇടപാടുകൾ ഒന്നും നടത്തുന്നില്ല. അതിനാൽ , അവശേഷിക്കുന്ന തുക ₹ 3,00,188.16 ബന്ധപ്പെട്ട ട്രഷറി ഹെഡ്ഡുകളിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

## 1-29 യഥാസമയം കരാർ വെച്ചില്ല - അർഹമായ പിഴ ഈടാക്കിയില്ല

G.O.(P)No.13/2012/PWD Dated 01.02.2012 പ്രകാരമുള്ള Kerala Public Works Department Manual സെക്ഷൻ 2009.6.Selection Notice എന്ന ഭാഗത്ത് സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം കരാറുകാർ നിശ്ചിത 14 ദിവവസ സമയപരിധിക്കുള്ളിൽ കരാർ വെക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ രേഖപ്പെടുത്തിയ പ്രവൃത്തികളിൽ അർഹമായ കാലാവധിക്ക് ശേഷമാണ് കരാറുകാർ നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ വെച്ചിട്ടുള്ളത് എന്ന് ഫയലിൽ കാണുന്നു. ഇപ്രകാരം കരാർ വെക്കുന്നതിൽ വീഴ്ച്ച വരുത്തിയ കരാറുകാരിൽ നിന്ന് പൊതു മരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച്ച പറ്റിയതായി ശ്രദ്ധയിൽപെടുത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| | പ്രോജക്ട് | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | SO-52/23 കോട്ടകുണ്ട് നായ്ക്ക കോളനി പൈതൃക ഭവന നിർമാണം.<br>കരാറുകാരൻ - ഉണ്ണികൃഷ്ണൻ. വി<br>അടങ്കൽ : 421000 (ഫണ്ട് : ടി.എസ്.പി)<br>നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ<br>എസ്റ്റിമേറ്റ് നമ്പർ : 2019/118201<br>നിരക്ക് : .5% ബിലോ<br>സെലക്ഷൻ നോട്ടിസ് അയച്ച തിയ്യതി - 02. 07. 2020<br>കരാർ വെച്ച തിയ്യതി - AE/LSGD/NMN/20/2020-21/12. 08. 2020<br>PAC – 373492.3<br>M Book – 142/21-22<br>വൗച്ചർ നമ്പർ : 34/14.12.2022<br>തുക- 38603 | 3735 |

അപാകത 18/11. 10. 2023 ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പിഴ അടവാക്കാൻ നിർദേശിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. പിഴ ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്. ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-30 പ്രവൃത്തി വൈകി പൂർത്തിയാക്കി - അർഹമായ പിഴ ബില്ലിൽ നിന്ന് കുറവ് ചെയ്തില്ല.

**(A)** GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % അധിക സമയം അനുവദിക്കാവുന്നതുമാണ്.

**(B)** കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

**(C)** വിശദീകരണമായി പുറപ്പെടുവിച്ച, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. ആയത് പ്രകാരം ഈടാക്കേണ്ട പിഴയുടെ വിവരം താഴെ കൊടുക്കുന്നു.

എന്നാൽ, താഴെ രേഖപ്പെടുത്തിയ പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല

എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.കരാറുകാരൻ ദീർഘീകരണത്തിന് അപേക്ഷ നൽകുകയോ , അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയുടെ പൂർത്തീകരണ സമയം നീട്ടി നൽകാൻ ശുപാർശ ചെയ്യുകയും ചെയ്തിട്ടില്ല. എന്നാൽ , അർഹമായ പിഴ ഈടാക്കാതെയാണ് ബിൽ അനുവദിച്ചത് എന്ന് വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|
| So 52/23 കോട്ടകുണ്ട് നായ്ക്ക കോളനി പൈതൃക ഭവന നിർമാണം.<br>കരാറുകാരൻ - ഉണ്ണികൃഷ്ണൻ. വി<br>അടങ്കൽ : 421000 (ഫണ്ട് : ടി.എസ്.പി)<br>നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ<br>ചെലവ് : ₹ 38603<br>വൗച്ചർ നമ്പർ : 34/14.12.2022<br>എസ്റ്റിമേറ്റ് നമ്പർ : 2019/118201<br>നിരക്ക് : .5% ബിലോ<br>സെലക്ഷൻ നോട്ടിസ് അയച്ച തിയ്യതി - 02. 07. 2020<br>കരാർ വെച്ച തിയ്യതി - AE/LSGD/NMN/20/2020-21/12. 08. 2020<br>PAC – 373492.3<br>M Book – 142/21-22<br>പൂർത്തീകരണ കാലാവധി :6 മാസം<br>പൂർത്തീകരിക്കേണ്ട തിയ്യതി : 11.02.2021<br>പൂർത്തീകരിച്ച തിയ്യതി : 29.03.2022 | 12.02.2021 -11.05.2021 @ 1% Of PAC = 3734.9<br>12.05.2021-11.08.2021 @2% Of PAC = 7469.8<br>12.08.2021-11.11.2021 @2% Of PAC = 7469.8<br>12.11.2021-11.02.2022 @2% Of PAC = 7469.8<br>12.02.2022-29.03.2022 @ 2% Of PAC = 3817.8 (46 Days)<br>ആകെ : 29962.1 |

അപാകത ഓഡിറ്റ് എൻക്വയറി നമ്പർ 19/12.10.2021 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പിഴ അടവാക്കാൻ നിർദേശിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. അർഹമായ പിഴ ഈടാക്കിയ വിവരം അറിയിക്കേണ്ടതുമാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-31 എസ്.എസ്.എ.വിഹിതം നൽകി-വിനിയോഗവിവരങ്ങൾ ലഭ്യമല്ല.

നെന്മേനി ഗ്രാമപഞ്ചായത്ത് 2022-23 വർഷം എസ്.എസ്.എ വിഹിതം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല.

പ്രോജക്ട് നമ്പർ-87/23

പ്രോജക്ട്-എസ്.എസ്.എ.വിഹിതം നൽകൽ(ജനറൽ)

ഫണ്ട്-വികസനഫണ്ട് -ജനറൽ

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-₹15,00,000

ചെലവ്-₹15,00,000

ബിൽ റഫറൻസ് നമ്പർ-22180352019200500875/02.09.22

എസ്.എസ്.കെ വയനാട് ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ 24.08.22 ലെ A/1184/2021 /SSK നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ 40 % തുക 24,45,994 രൂപ അടക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സുൽത്താൻ ബത്തേരി ബ്ലോക്ക് ബി.ആർ.സി.കോർഡിനേറ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് 15,00,000 അനുവദിച്ചിട്ടുള്ളത്,(കാനറാബാങ്ക്-0834101039768).

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ,സ.ഉ.(കൈ)84/22 ത.സ്വ.ഭ.വ.19.04.22 പ്രകാരം "സമഗ്ര ശിക്ഷ കേരളം പദ്ധതിയുടെ കർമ്മപദ്ധതി തയ്യാറാക്കുന്നത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെയായിരിക്കണം.പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്.തദ്ദേശഭരണസ്ഥാപനങ്ങൾ എസ്.എസ്.കെ.ക്ക് നൽകുന്ന തുകയുടെ വിനിയോഗം,ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ /പരിപാടികൾ എന്താണ് എന്ന വിവരങ്ങൾ അതാത് തദ്ദേശഭരണസ്ഥാപനങ്ങളെ എസ്.എസ്.കെ.പ്രോജക്ട് ഓഫീസർ അറിയിക്കണം.എസ്.എസ്.കെ.വിഹിതവും തദ്ദേശസ്ഥാപനവിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശഭരണ ഭാരവാഹികളുടെ ഇടപെടൽ ഉറപ്പാക്കണം"

സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ അധികവിവരങ്ങൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 5/22-23തീയതി 06.09.23 പ്രകാരം ആവശ്യപ്പെട്ടതിന് സെക്രട്ടറി ഹാജരാക്കിയ മറുപടിയിയോടൊപ്പം SSK നൽകിയ ചെലവ്സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്.എന്നാൽ ഇനം തിരിച്ച് കാണിച്ച ചെലവുകൾ പഞ്ചായത്ത് പരിധിയിലെ ഏത് സ്കൂളിലാണ് ചെലവഴിച്ചത് എന്ന് വ്യക്തമല്ല.കൂടാതെ ഈ തുകകൾ ചെലവഴിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്തിനെയോ .ഭരണസമിതിയെയോ അറിയിച്ചിട്ടുമില്ല. പേരിനൊരു വിനിയോഗസാക്ഷ്യപത്രം നൽകുക മാത്രമാണ് ചെയ്തത്.SSK ക്ക് നൽകുന്ന തുകകൾ സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് നടത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു-സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഇല്ല.

പ്രോജക്ട് നമ്പർ-257/23

നിർവഹണം-സെക്രട്ടറി

അടങ്കൽ-5 ലക്ഷം

ചെലവഴിച്ച തുക- ₹499599

ഫണ്ട്-വികസനഫണ്ട് ജനറൽ

BRN നമ്പർ-22180352019201213804/20.03.23- 499599

പദ്ധതിപ്രകാരം 156 തെരുവുവിളക്കുകൾ വാങ്ങിയതിന് / സ്ഥാപിച്ചതിന് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് 499599 രൂപ നൽകിയിട്ടുണ്ട്.156 എണ്ണം വിളക്കുകൾ സ്ഥാപിച്ചതായി യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ബിൽ സമർപ്പിച്ചിട്ടുണ്ട്.വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ നമ്പർ ലിസ്റ്റിൽ കാണിച്ചിട്ടുണ്ട്.

എന്നാൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രോജക്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി എവിടെയൊക്കെ വിളക്കുകൾ സ്ഥാപിക്കണം ,എത്രയെണ്ണം വേണ്ടിവരും എന്നുള്ള മുന്നൊരുക്കങ്ങൾ നടത്തിയതായി കാണുന്നില്ല.പ്രോജക്ട് അടങ്കലിനനുസരിച്ച് വാങ്ങുകയാണുണ്ടായത്.വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് വാർഡ് മെമ്പർമാരോ,കെ.എസ്.ഇ.ബി.അധികൃതരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.വിളക്കുകളുടെ പ്രവർത്തനക്ഷമതയും പരിശോധിച്ചിട്ടില്ല.സ്ഥാപിച്ച വിളക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുമില്ല.

രേഖകളുടെ അഭാവത്തിൽ പദ്ധതി നടപ്പാക്കിയെന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല.

പദ്ധതിനടത്തിപ്പ് സംബന്ധിച്ച അധികവിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതിന് .ഓഡിറ്റ് എൻക്വയറി.നം.7 /22-23തീയതി 09.10.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.499599 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത് -കണക്കുകൾ ലഭ്യമല്ല.

പഞ്ചായത്ത് പരിധിയിലെ തെരുവുടാപ്പുകളുടെ വെള്ളക്കരം രണ്ട് രീതിയിൽ ആണ് അടക്കുന്നത്.വാട്ടർ അതോറിറ്റി നിലനിർത്തിയ ടാപ്പുകളുടെ ചാർജ്ജായി പ്രതിമാസം 6753 രൂപ വീതം വാട്ടർ അതോറിറ്റിക്കും ജലനിധിക്ക് കൈമാറിയ ടാപ്പുകളുടെ ചാർജ്ജായി പ്രതിമാസം 30625 രൂപ വീതം നെന്മേനി ശുദ്ധജലവിതരണസൊസൈറ്റിക്കുമാണ് അടക്കുന്നത്.

നെന്മേനിശുദ്ധജലവിതരണ സൊസൈറ്റിയുടെ കീഴിൽ 64 പൊതുടാപ്പുകൾ ആണുള്ളതെന്നാണ് 20.03.19ലെ സംയുക്തപരിശോധനയിൽ കണ്ടെത്തിയത്.എന്നാൽ 70 ടാപ്പുകളുടെ ചാർജ്ജ് ആണ് തൻവർഷം നെന്മേനിശുദ്ധജലവിതരണ സൊസൈറ്റിക്ക് അടച്ചതായി കാണുന്നത്.

നെന്മേനിശുദ്ധജലവിതരണ സൊസൈറ്റി നൽകുന്ന ബില്ലുകളിൽ ചില ഇരട്ടിപ്പുകൾ കാണുന്നുണ്ട്.2022 സെപ്റ്റംബർ വരെയുള്ള ബിൽ നൽകിയതിനുശേഷം ഒക്ടോബർ മുതലുള്ള ബില്ലിൽ വീണ്ടും മുൻബാക്കി 14437.5 രൂപ കാണിച്ചതെന്താണെന്ന് വ്യക്തമല്ല.64 ടാപ്പുകൾക്ക് പകരം 70 ടാപ്പുകൾക്കാണ് തുക അടച്ചതായി കാണുന്നത്. അധികം അടച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

ശുദ്ധജലവിതരണസൊസൈറ്റിക്ക് നൽകിയ തുക ഇപ്രകാരമാണ്

| ബിൽ നമ്പർ/തീയതി | അടച്ച തുക |
|---|---|
| BRN 747020/08.11,22 | 100000 |
| 747021/08.11.22 | 77811 |
| 747022/16.03.23 | 167562 |
| ആകെ | 345373 |

ബില്ലുകൾ സൂക്ഷപരിശോധന നടത്തി അധികം തുക അടച്ചിട്ടില്ലയെന്നുറപ്പുവരുത്തേണ്ടതാണ്.

വാട്ടർ അതോറിറ്റിയിൽ പ്രതിമാസം 6753 രൂപ വീതം തുക അടക്കുന്നു.എത്ര ടാപ്പുകളുടെ തുകയാണെന്ന് പോലും വാട്ടർ അതോറിറ്റിയുടെ ബില്ലിൽകാണിച്ചിട്ടില്ല .തുക ഒടുക്കിവരുന്ന ടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് പരിശോധന നടത്തിയതായി കാണുന്നില്ല..രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 8/22-23/09.10.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും യാതൊരു മറുപടിയും നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 സുകൃതം ഭവനനിർമ്മാണപദ്ധതി-ലോൺ തിരിച്ചടവിൽ അപാകതകൾ.

നെന്മേനി ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി ഭവന പദ്ധതി നടപ്പാക്കുന്നതിന് അനുമതിക്കായി 2015-16 വർഷം ഗ്രാമ പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷ നൽകുകയും തദ്ദേശ സ്വയം ഭരണ വകുപ്പ് ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 06.04.15 തീയതിയിലെ നമ്പർ 48762/ഡി.ബി.1/14തസ്വഭവ നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്ക്-ൽ നിന്നും 3,00,00,000/- രൂപ 12.5% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വയനാട് ജില്ലാ സർവ്വീസ് സഹകരണ ബാങ്കുമായി വായ്പ വിതരണത്തിനായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സർക്കാർ അനുമതി അനുസരിച്ച് 12.5% പലിശ സഹിതം 10 വർഷത്തിനകം ഗ്രാമപഞ്ചായത്ത് വായ്പ തിരിച്ചടക്കേണ്ടതാണ്. ഭവന വായ്പ തുക മുതൽ വികസന ഫണ്ടിൽ നിന്നും പലിശ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് തിരിച്ചടക്കേണ്ടത്.

ഓഡിറ്റിന് ലഭ്യമായ രേഖകൾപ്രകാരം ലോൺ വിവരങ്ങൾ ഇപ്രകാരമാണ്

| വർഷം | എടുത്ത തുക | പലിശ | പിഴപലിശ | ആകെ തിരിച്ചടച്ച തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 2015-16 | 2,10,00,000 | 625721 | | 465680 | |
| 2016-17 | 50,00,000 | 2797511 | 15030 | 3000121 | |
| 2017-18 | 835000 | 3085945 | 24949 | 4500000 | |
| 2018-19 | 35000 | 2691503 | 20664 | 6558927 | |

| | | | | | |
|---|---|---|---|---|---|
| 2019-20 | | 2585451 | 50544 | 5100000 | |
| 2020-21 | 20,00,000 | 1806732 | 2175 | 11900000 | |
| 2021-22 | | 946473 | | 5500000 | |
| 2022-23 | | 530056 | | 5000000 | |
| ആകെ | 28870000 | 15069392 | 113362 | 42024728 | 2028026 |

ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു

1. ഓരോ വർഷവും പലിശ കണക്കുകൾ ബാങ്കിൽ നിന്ന് വാങ്ങുകയോ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് പലിശ തുക യഥാസമയം തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ബാങ്ക് നൽകുന്ന പലിശകണക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്താതെയാണ് തുക അടച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 113362രൂപ പിഴപ്പലിശ ഈടാക്കിയിട്ടുണ്ട്.

2. എടുത്ത തുകക്ക് ആനുപാതികമായി ലോൺ തിരിച്ചടക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.

3.ആകെ തിരിച്ചടച്ച 4,20,24,728 രൂപയിൽ ഓരോ വർഷവും വകയിരുത്തിയ വികസനഫണ്ട് ,തനതുഫണ്ട് എത്രയാണെന്നുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.വായ്പ സംബന്ധിച്ച രേഖകളും ലോൺ രജിസ്റ്ററും ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല.3കോടി എടുക്കുന്നതിന് അനുവാദം ലഭിച്ചിരുന്നുവെങ്കിലും 2,88,70,000 രൂപയാണ് എടുത്തതായി കാണുന്നത്.എന്നാൽ എത്ര തുക എടുത്തുവെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.നിലവിൽ എഴുതിതയ്യാറാക്കിയ ലോൺരജിസ്റ്ററിൽ വികസനഫണ്ട്,തനതുഫണ്ട് എന്നിവ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

ലോൺ സംബന്ധിച്ച രേഖകൾ പരിശോധിച്ച് അടച്ച തുകയുടെയും എടുത്ത തുകയുടെയും പലിശ അടച്ചതിന്റെ വിവരങ്ങളും ക്രമീകരിക്കേണ്ടതും അധിക തുക അടച്ചിട്ടില്ല എന്നുറപ്പു വരുത്തേണ്ടതുമാണ്.പിഴപ്പലിശ അടച്ചിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും വികസനഫണ്ടിൽ നിന്നും കൂടുതൽ തുക അടച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി.നം. 20 /22-23തീയതി 11.09.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-35 ഹരിതകർമ്മസേന തുടർപ്രവർത്തനങ്ങൾ തൃപ്തികരമല്ല.

നെന്മേനി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട് എന്ന് കണ്ടു.നിലവിൽ 46 ഹരിതകർമ്മസേനാംഗങ്ങളെ ഉൾപ്പെടുത്തി മാലിന്യശേഖരണവും തുടർപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. പ്രവർത്തനങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

- ഹരിതകർമ്മസേനയുടെ വരവുചെലവുകണക്കുകൾ പരിശോധിക്കപ്പെടുന്നില്ല. 2022-23 ലെ വരവുചെലവുകണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
- ഹരിതകർമ്മസേനക്ക് നിയമാവലി തയ്യാറാക്കുകയോ ഭരണസമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ ഓരോ സേനാംഗവും ശേഖരിക്കുന്ന യൂസർഫീയുടെ 10 % കൺസോർഷ്യത്തിലേക്കടച്ചതിന് ശേഷമുള്ള തുക സേനാംഗങ്ങൾ വീതിച്ചെടുക്കുകയാണ് ചെയ്യുന്നത്.അതായത് ചില അംഗങ്ങൾക്ക് കൂടുതൽ തുകയും ചില അംഗങ്ങൾക്ക് തീരെ കുറഞ്ഞ തുകയുമാണ് ലഭിക്കുന്നത്.കൃത്യമായ വേതനമോ പ്രവർത്തനരീതിയോ അംഗീകരിച്ചിട്ടില്ല.
- ഹരിതകർമ്മസേനക്ക് പഞ്ചായത്ത് രശീതുബുക്കുകൾ പ്രിന്റ് ചെയ്തു നൽകിയിട്ടുണ്ടെങ്കിയും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
- ഓരോ ദിവസത്തെയും ഹരിതകർമ്മസേനയുടെ വരവ് പരിശോധിച്ച് ബാങ്കിൽ അടവാക്കുന്നില്ല.ബാങ്ക് അക്കൗണ്ടിൽ അടക്കാതെ തുക വീതിച്ചെടുക്കുകയാണ് ചെയ്യുന്നത്.
- ഭവനങ്ങളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും 100 % യൂസർഫീസ് പിരിക്കുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടില്ല.

- യൂസർഫീസ് നിശ്ചയിച്ചത് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.
- അജൈവമാലിന്യങ്ങൾ സൂക്ഷിക്കാൻ MCF,Mini MCF എന്നിവ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങളും ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ 2022-23 വർഷത്തെ മിനുട്സും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 16/22-23/10.09.23
പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-36 തനതുവിഭവസമാഹരണം-ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും മേലാപ്പീസിലെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നെന്മേനി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

## 1-36-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

നെന്മേനി ഗ്രാമപഞ്ചായത്ത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസം യോഗം ചേരുകയും ചില മാസങ്ങളിൽ നികുതിപിരിവ് പുരോഗതി അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് വിഷയങ്ങളിൽ സുപ്രധാനമായ പങ്ക് വഹിക്കേണ്ടുന്ന ഭരണ തലമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി. സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി സ്ഥാപനത്തിന്റെ സാമ്പത്തിക വിശകലനം നടത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2 ആയി എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായി മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സമ്പൂർണ്ണ വസ്തുനികുതി പിരിവിന്റെ പുരോഗതി മാത്രമാണ് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ അവലോകനം ചെയ്തിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിച്ചിട്ടില്ല.

വാടക,ലേലംവസ്തുനികുതി ,തൊഴിൽനികുതി എന്നീ വരവിനങ്ങളിൽ 100 % പിരിവ് നടത്തിയതായി രേഖകളിൽ കാണുന്നു.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാനമാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തുകയോ,നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

നികുതി/നികുതിയേതരവരവുകളുടെ അവലോകനം ഗ്രാമസഭകളിലും വാർഡ് കമ്മിറ്റിയിലും ഭരണസമിതിയോഗങ്ങളിലും നടത്തിയിട്ടില്ല.സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിലും ഭരണസമിതിയിലും വാർഡ് കമ്മിറ്റിയിലും നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## 1-36-2 ബജറ്റ്

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 25.03.22 തീയതിയിൽ 1/71/2022 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ്. 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് | വാർഷിക കണക്ക് പ്രകാരമുള്ള | ബജറ്റും വരവും തമ്മിലുള്ള |
|---|---|---|---|

| | പ്രകാരം(₹) A | വരവ്(₹)B | വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 7500000/- | 6677484/- | -822516/- |
| തൊഴിൽ നികുതി(തൻവർഷം) | 2200000/- | 1985240/- | -4185240/- |
| Rental Income | 1115500/- | 1060596/- | -54904/- |
| Fee & User Charges | 2210000/- | 2095857/- | -114143/- |
| Sale & Hire Charges | 335000/- | 116057/- | -218943/- |
| Income From Investments | 900000/- | 842872/- | -57128/- |
| Interest Earned | 1300000/- | 1845903/- | 545903/- |
| Other Income | 55000/- | 2125/- | -52875/- |
| ആകെ | 15615500/- | 14626134/- | -989366/- |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്ന നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36-3 വസ്തു നികുതി

സ.ഉ (കൈ) നം. 77/2023എൽ. എസ്. ജി. ഡി. തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നെന്മേനി ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 26.06.2023 ലെ 3/134/2023 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ഇതു സംബന്ധിച്ച അറിയിപ്പ് 25.07.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

